"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീമതി.സൈഫുന്നിസ വി.വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 525/2024 മേലുള്ള 11.06.2024-ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.4037/2025/GEDN തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-

1. ശ്രീമതി.സൈഫുന്നിസ വി.വി 05.03.2024-ൽ സമർപ്പിച്ച നിവേദനം (Annexure A11)
2. ശ്രീമതി.സൈഫുന്നിസ വി.വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 525/2024-മേലുള്ള 11.06.2024-ലെ ഉത്തരവ്
3. 30.07.2024, 11.11.2024-തീയതികളിലെ പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറുടെ എച്ച്.എസ്.ഇ/ 11774/2024/Ad C1 നമ്പർ കത്തുകൾ
4. കേരള പബ്ലിക് കമ്മീഷൻ സെക്രട്ടറിയുടെ 21.04.2025 ലെ A4/24/2024-KPSC നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി.സൈഫുന്നിസ വി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 525/2024 മേലുള്ള 11.06.2024-ലെ അന്തിമ ഉത്തരവിൽ 05.03.2024 തീയതിയായി ഹർജിക്കാരി സമർപ്പിച്ച നിവേദനം (Annexure A 11) രണ്ടാം എതിർ കക്ഷിയായ സർക്കാർ, നിയമാനുസൃതം പരിഗണിച്ച്, അന്തിമ ഉത്തരവ് കൈപ്പറ്റി 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. KS&SSR-ലെ Part II Rule 39 പ്രകാരം സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് എച്ച്.എസ്.എസ്.റ്റി (ജിയോളജി) തസ്തികയിൽ നിയമനം നൽകണമെന്നാണ് ശ്രീമതി. സൈഫുന്നിസ വി.വി ആവശ്യപ്പെട്ടിട്ടുള്ളത്. നിവേദനത്തിലെ ആവശ്യം പരിശോധിക്കുന്നതിന്റെ ഭാഗമായി അപേക്ഷകയേയും ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളേയും 15.11.2024 ന് നേരിൽ കേൾക്കുകയുണ്ടായി.

2) ഹർജിക്കാരിയുടെ വാദം താഴെപ്പറയും പ്രകാരമാണ്:-

"കേരള പബ്ലിക് സർവീസ് കമ്മീഷൻ കാറ്റഗറി നം.565/2017 ആയി 02.07.2019 ൽ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.ടി (ജിയോളജി) തസ്തികയുടെ റാങ്ക് പട്ടികയിൽ റാങ്ക് നമ്പർ 4 ആയി ഉൾപ്പെട്ടിരുന്നു. 17.10.2018-ൽ എച്ച്.എസ്.എസ്.ടി (ജിയോളജി) തസ്തികയിൽ ഉണ്ടായ

ഒഴിവ് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തേണ്ടതായിരുന്നു. എന്നാൽ ടി ഒഴിവിൽ OA (EKM) 45/2018 മേലുള്ള അന്തിമ ഉത്തരവ് പ്രകാരം 24.10.2009-ന് കാലാവധി അവസാനിച്ച എച്ച്.എസ്.എസ്.റ്റി (ജിയോളജി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി ലാവണ്യ കെ-യ്ക്ക് നിയമനം നൽകുകയുണ്ടായി. ആയതിനാൽ ശ്രീമതി. ലാവണ്യയെ 01.04.2023 ൽ ലഭ്യമായ ഒഴിവിൽ ക്രമീകരിച്ച് തനിക്ക് 17.10.2018 ലെ ഒഴിവിൽ ഉൾക്കൊള്ളിച്ച് നിയമനം നൽകുകയോ കെ.എസ്.&എസ്.എസ്.ആർ ഭാഗം 2 ചട്ടം 39 പ്രകാരം സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 01.04.2023 ൽ ലഭ്യമായ ഒഴിവിൽ ഉൾക്കൊള്ളിച്ച് നിയമനം നൽകുകയോ ചെയ്യണം."

3) പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി) ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ശ്രീമതി ലാവണ്യ കെ ഫയൽ ചെയ്ത OA(EKM) 45/2018 കേസിലെ 22.02.2019-ലെ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി (ജിയോളജി) തസ്തികയിലെ ഒരു ഒഴിവ് 15.08.2008 Date of occurrence രേഖപ്പെടുത്തി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ എച്ച്.എസ്.എസ്.റ്റി (ജിയോളജി) തസ്തികയുടെ കേഡർ സ്ട്രെങ്ത് 33 ആണ്. നിലവിൽ 31 പേർ ടി തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ നിന്നാണെങ്കിലും യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനം വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്താവുന്നതാണ് എന്നതിനാൽ ബാക്കിയുള്ള 2 ഒഴിവുകളിൽ ഒരു ഒഴിവ് തസ്തികമാറ്റത്തിനായി 30.07.2019-ൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01.04.2023 ന് വിരമിക്കൽ മുഖേന നിലവിൽ വന്ന രണ്ടാമത്തെ ഒഴിവിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിലെ സ്പെഷ്യൽ റൂൾ പ്രകാരം നിയമിക്കുവാൻ യോഗ്യത നേടിയ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ജിയോളജി) അധ്യാപിക ഉള്ളതിനാൽ ടി ഒഴിവ് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ല."

4) അപേക്ഷക ഉൾപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്ന് ഒരാൾക്ക് കൂടി നിയമന ശിപാർശ നൽകേണ്ടിവന്നിരുന്നെങ്കിൽ നിലവിലുള്ള സംവരണത്തിന്റെ അടിസ്ഥാനത്തിലുള്ള റൊട്ടേഷൻ പ്രകാരം മൂന്നാം റാങ്കുകാരിയായ ശ്രീമതി ശാലിനി സി.ജി-യാണ് നിയമനാർഹയായ ഉദ്യോഗാർത്ഥിയെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

5) ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം വിശദമായി പരിശോധിച്ചു. 24.10.2009-ന് കാലാവധി അവസാനിച്ച എച്ച്.എസ്.എസ്.റ്റി (ജിയോളജി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി ലാവണ്യ കെ-യ്ക്ക് ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം 17.10.2018 ൽ ഉണ്ടായ ഒഴിവിൽ നിയമനം നൽകിയിട്ടുള്ളതിനാൽ ശ്രീമതി. ലാവണ്യയെ 01.04.2023 ൽ ലഭ്യമായ ഒഴിവിൽ ക്രമീകരിച്ച് 17.10.2018 ലെ ഒഴിവിൽ തനിക്ക് നിയമനം നൽകുകയോ കെ.എസ്.&എസ്.എസ്.ആർ ഭാഗം 2 ചട്ടം 39 പ്രകാരം സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 01.04.2023 ൽ ലഭ്യമായ ഒഴിവിൽ നിയമനം നൽകുകയോ ചെയ്യണമെന്നാണ് ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത്. 17.10.2018 ൽ ഉണ്ടായ ഒഴിവിൽ കോടതി

ഉത്തരവ് പ്രകാരം ശ്രീമതി. ലാവണ്യയ്ക്ക് നിയമനം നൽകിയിട്ടുള്ളതിനാൽ ടി നിയമനം 01.04.2023 ൽ ഉണ്ടായ ഒഴിവിലേയ്ക്ക് ക്രമീകരിക്കാൻ സാധ്യമല്ലാത്തതിനാലും 01.04.2023 ന് വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവിൽ നിയമിക്കപ്പെടുന്നതിന് ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിലെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യത നേടിയ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ജിയോളജി) അധ്യാപിക നിലവിലുണ്ട്.

6) കേരള പബ്ലിക് സർവീസ് കമ്മീഷന്റെ സംവരണാടിസ്ഥാനത്തിലുള്ള റൊട്ടേഷൻ പ്രകാരം അപേക്ഷകയല്ല അടുത്ത നിയമനാർഹയായ ഉദ്യോഗാർത്ഥിയെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചിട്ടുള്ളതിനാലും വ്യക്തിഗത അപേക്ഷ പരിഗണിച്ച് ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ച് നിയമനം നൽകുന്നത് തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുമെന്നതിനാലും, കെ.എസ്.&എസ്.എസ്.ആർ ഭാഗം 2 ചട്ടം 39 പ്രകാരം സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് എച്ച്.എസ്.എസ്.റ്റി (ജിയോളജി) തസ്തികയിൽ നിയമനം നല്കണമെന്ന ശ്രീമതി. സൈഫുന്നിസ വി.വി-യുടെ പരാമർശം (1) നിവേദനത്തിലെ ആവശ്യം നിരസിച്ചും അപ്രകാരം OA(EKM) 525/2024 മേലുള്ള 11.06.2024-ലെ ഉത്തരവ് നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടർ, തിരുവനന്തപുരം

Smt.Saifunnisa.V.V., W/o. Sajad E.A, Vadakkathuvalappil, Kadanchery P.O., Malappuram 679 582

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ ബി) വകുപ്പ് (ADV-B3/170/2024-P&ARD പ്രകാരം)

നിയമ (സ്യൂട്ട് III) വകുപ്പ് (STIII1/85/2025-LAW പ്രകാരം)

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 20-06-2025 16:03:25

സെക്ഷൻ ഓഫീസർ